# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 768 — 03.12.2014 ൽ മറുപടിക്ക്

### ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.റ്റി. ബൽറാം<br>" എ.റ്റി.ജോർജ്<br>" പാലോട് രവി<br>" ഷാഫി പറമ്പിൽ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കിഡ്നി രോഗികൾക്കുള്ള ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനം ഫലപ്രദമായി നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) സംസ്ഥാനത്തെ അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു. കൂടാതെ 27 സർക്കാർ ആശുപത്രികളിൽ കാരുണ്യ ബനവലന്റ് ഫണ്ട് എന്ന പദ്ധതി പ്രകാരം ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് 5.2.13 ലെ ജി.ഒ(ആർ.ടി) നം.114/2013/നി.വ ഉത്തരവ് പ്രകാരം സർക്കാർ അനുമതി ആയിട്ടുണ്ട്. ടി യൂണിറ്റുകളുടെ പ്രർത്തനം ഉറപ്പാക്കുന്നതിന് വേണ്ടി KMSCL നടപടി സ്വീകരിച്ചുവരുന്നു. ടി യൂണിറ്റുകൾക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എത്ര ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു; എത്ര രോഗികൾക്ക് പ്രസ്തുത യൂണിറ്റ് മുഖേന ചികിത്സ ലഭ്യമാക്കുന്നുവെന്ന് വ്യക്തമാക്കാമോ; | (ബി) നിലവിൽ 23 സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രതിമാസം ശരാശരി 120-ഓളം രോഗികൾക്ക് ചികിത്സ ഓരോ സ്ഥാപനങ്ങളിലും ലഭ്യമാക്കിവരുന്നു. കൂടാതെ 5 സർക്കാർ മെഡിക്കൽ കോളേജിൽ നിന്നും മുന്നൂറോളം രോഗികൾക്കും ഡയാലിസിസ് ലഭ്യമാക്കുന്നുണ്ട്. |
| (സി) ആശുപത്രികളിൽ എത്തി ഡയാലിസിസ് ചെയ്യുവാൻ ബുദ്ധിമുട്ടുള്ള രോഗികൾക്കായി മൊബൈൽ യൂണിറ്റുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) നിലവിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ കീഴിൽ മൊബൈൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ മൊബൈൽ യൂണിറ്റുകൾ ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ